ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM (BROADCAST TIME:01.02 PM) DATE: 05.09.2026**

## പ്രധാനവാർത്തകൾ

1. അറിവിന്റെ വെളിച്ചം പകർന്ന ഗുരുക്കൻമാരെ സ്മരിച്ചുകൊണ്ട് ഇന്ന് ദേശീയ അധ്യാപക ദിനം. രാഷ്ട്രപതി ദ്രൗപദി മുർമു ദേശീയ അധ്യാപക പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ സമ്മാനിച്ചു.
2. പാഠപുസ്തകങ്ങൾക്കപ്പുറം കുട്ടികളുടെ ജീവിതത്തിന്റെ ഭാഗമാകാൻ അധ്യാപകർക്ക് സാധിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. ലഹരിക്കെതിരെയുള്ള ഓപ്പറേഷൻ തൂഫാൻ - രണ്ടാം ഘട്ടം തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.
4. തൃശ്ശൂർ കയ്പമംഗലത്ത് ദേശീയ പാതയിൽ വാഹന അപകടത്തിൽ തമിഴ്നാട് സ്വദേശികളായ എട്ട് വിദ്യാർത്ഥികൾ മരിച്ചു. സംഭവത്തിൽ പ്രോജക്ട് ഡയറക്ടറോട് വിശദീകരണം തേടി ജില്ലാ കളക്ടർ.
5. കൊച്ചിയിൽ സിനിമാ തിയേറ്ററുകളിൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്ന പരാതിയെ തുടർന്ന് ഭക്ഷ്യസുരക്ഷാ വകുപ്പും ലീഗൽ മെട്രോളജി വിഭാഗവും മിന്നൽ പരിശോധന നടത്തി.

RNU TVPM

6. വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

**************************************************

## രാഷ്ട്രപതി - അധ്യാപകദിനം

അറിവിന്റെ വെളിച്ചം പകർന്ന ഗുരുക്കൻമാരെ സ്മരിച്ചുകൊണ്ട് ഇന്ന് ദേശീയ അധ്യാപക ദിനം. ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു ദേശീയ അധ്യാപക പുരസ്കാരങ്ങൾ സമ്മാനിച്ചു. 27 സംസ്ഥാനങ്ങൾ, 7 കേന്ദ്രഭരണ പ്രദേശങ്ങൾ, 6 കേന്ദ്ര-സർക്കാർ സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നുള്ള 48 സ്കൂൾ അധ്യാപകരാണ് അവാർഡിന് അർഹരായത്. വിദ്യാഭ്യാസവിചക്ഷണനും തത്ത്വചിന്തകനും മുൻ രാഷ്ട്രപതിയുമായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മവാർഷികമാണ് അധ്യാപക ദിനമായി ആചരിക്കുന്നത്. അധ്യാപകർ അറിവുകൾ നിരന്തരം പുതുക്കാനും പുതിയ സാങ്കേതികവിദ്യകളും നൂതന അധ്യാപന രീതികളും സ്വീകരിക്കണമെന്ന് രാഷ്ട്രപതി അധ്യാപക ദിന സന്ദേശത്തിൽ പറഞ്ഞു. വിദ്യാർത്ഥികളിൽ സ്വതന്ത്ര ചിന്തയും അന്വേഷണ മനോഭാവവും വളർത്താൻ അധ്യാപകർ ശ്രദ്ധിക്കണമെന്നും രാഷ്ട്രപതി ഓർമ്മിപ്പിച്ചു.

******************************

RNU TVPM

## പ്രധാനമന്ത്രി – അധ്യാപകർ

പാഠപുസ്തകങ്ങൾക്കപ്പുറം കുട്ടികളുടെ ജീവിതത്തിന്റെ ഭാഗമാകാൻ അധ്യാപകർക്ക് കഴിയണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദേശീയ അധ്യാപക അവാർഡ് ജേതാക്കളുമായി ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. സ്ക്രീൻ അഡിക്ഷൻ കുറയ്ക്കുന്നതിന് കായിക - സർഗ്ഗാത്മക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കണം. കുട്ടികളെ ക്ലാസ്

മുറികൾക്ക് പുറത്തേക്ക് കൊണ്ടുപോകേണ്ടതിന്റെയും തൊഴിൽ നൈപുണ്യം വളർത്തേണ്ടതിന്റെയും പ്രാധാന്യം ദേശീയ വിദ്യാഭ്യാസ നയം മുൻനിർത്തി പ്രധാനമന്ത്രി വിശദീകരിച്ചു. ക്ലാസ് മുറികളിലെ പഠനം കൂടുതൽ ആകർഷകമാക്കാൻ നടപ്പാക്കിയ നൂതന ആശയങ്ങൾ അധ്യാപകർ കൂടിക്കാഴ്ചയിൽ പങ്കുവച്ചു.
*******************************

## എൻ. ഷംസുദ്ദീൻ - അധ്യാപക ദിനം

ദേശീയ അധ്യാപക ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന അധ്യാപക പുരസ്ക്കാരങ്ങൾ മന്ത്രി എൻ. ഷംസുദ്ദീൻ കോഴിക്കോട് സമ്മാനിച്ചു. ശ്രേഷ്ഠ വിദ്യാലയ പുരസ്കാര സമർപ്പണവും അദ്ദേഹം നിർവഹിച്ചു. 8 അധ്യാപകർക്കാണ് അവാർഡുകൾ സമ്മാനിച്ചത്.
*******************************

RNU TVPM

## തൂഫാൻ - ചെന്നിത്തല

ലഹരിക്കതിരെയുള്ള കേരളാ പോലീസിന്റെ ഓപ്പറേഷൻ തൂഫാൻ - രണ്ടാം ഘട്ടം തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. പരിപാടിയുടെ ഒന്നാം ഘട്ടം വിജയകരമായിരുന്നുവെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. രണ്ടാം ഘട്ടത്തിൽ വീടുകൾ കേന്ദ്രീകരിച്ചുള്ള ബോധവത്കരണത്തിനും ഡീ അഡിക്ഷനും പ്രധാന്യം നൽകും. വിദ്യാർത്ഥികളെയും വീട്ടമ്മമാരെയും ഇതിൽ പങ്കാളികളാക്കുമെന്നും ശ്രീ രമേശ് ചെന്നിത്തല അറിയിച്ചു.
*******************************

## കെ. മുരളീധരൻ

കേരള ആരോഗ്യ-ശാസ്ത്ര സർവകലാശാലയുടെ സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസിന്റെ പുതിയ കെട്ടിടം ആരോഗ്യ മന്ത്രി കെ. മുരളീധരൻ ഇന്ന് ഉദ്ഘാടനം ചെയ്യും. കോഴിക്കോട് ഗവ. മെഡിക്കൽ കോളജ് ക്യാമ്പസിൽ 50 സെന്റ് സ്ഥലത്താണ് പുതിയ കെട്ടിടം നിർമിച്ചിരിക്കുന്നത്. കുടുംബാരോഗ്യ രംഗത്തെ ഗവേഷണം, മനുഷ്യവിഭവശേഷി വികസനത്തിനായുള്ള പരിശീലന പരിപാടികൾ തുടങ്ങിയ വയാണ് സ്കൂൾ ഓഫ് ഫാമിലി ഹെൽത്ത് സ്റ്റഡീസിന്റെ പ്രധാന പ്രവർത്തനങ്ങൾ.
********************************

പാലക്കാട് (ഇൻട്രോ)

ശബരിമല ഫെസ്റ്റിവൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ പാലക്കാട് ജില്ലയിലെ നെന്മാറ-കൊല്ലങ്കോട് റോഡ് നവീകരണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു. 15.24 കോടി രൂപ ചെലവിലാണ് നവീകരണം.
**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയിസ്)

********************************

മന്ത്രി ബിന്ദു കൃഷ്ണ

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നവജാതശിശുവിന്റെ ശരീരത്തിൽ സൂചി കണ്ടെത്തിയെന്ന പരാതി അടിയന്തരമായി അന്വേഷിക്കാൻ മന്ത്രി ബിന്ദു കൃഷ്ണ നിർദ്ദേശം നൽകി. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സയ്ക്ക് ശേഷം കുട്ടിയുടെ ശരീരത്തിൽ തടിപ്പ് ഉണ്ടായി എന്നും പിന്നീട് നടത്തിയ പരിശോധനയിലാണ് ശരീരത്തിനുള്ളിൽ സൂചി കണ്ടെത്തിയത് എന്നുമാണ്

RNU TVPM

കുടുംബത്തിന്റെ പരാതി. പിന്നീട് കോഴിക്കോട് മെഡിക്കൽ കോളേജിൽ നടത്തിയ ശസ്ത്രക്രിയയിലൂടെ സൂചി പുറത്തെടുക്കുകയായിരുന്നു. സംഭവത്തിൽ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു.
*******************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.
*******************************

## തൃശൂർ - അപകടം

തൃശ്ശൂർ കയ്പമംഗലത്ത് ദേശീയ പാതയിൽ നിർത്തിയിട്ട ലോറിയിൽ കാറിടിച്ചുണ്ടായ അപകടത്തിൽ എട്ട് മരണം. ഇന്നലെ അർധരാത്രിയായിരുന്നു അപകടം. മരിച്ചവരിൽ തിരിച്ചറിഞ്ഞ 5 പേർ ഡിണ്ടിഗൽ പി.എസ്.എൻ എൻജിനിയറിങ് കോളേജ് വിദ്യാർഥികളാണ്. മൃതദേഹങ്ങൾ പോസ്റ്റ് മോർട്ടം നടപടികൾക്ക് ശേഷം സ്വദേശത്തേക്ക് കൊണ്ടുപോകും. ദേശീയപാത പ്രോജക്ട് ഡയറക്ടറോട് ജില്ലാ കളക്ടർ വിശദീകരണം തേടി.
*******************************

## ഒ ജെ. ജനീഷ്

തൃശൂർ അപകട സ്ഥലത്ത് വെളിച്ചക്കുറവ് ഉണ്ടായിരുന്നുവെന്ന് മന്ത്രി ഒ ജെ. ജനീഷ്. അപകടം ഉണ്ടായ സ്ഥലം ബ്ലാക്ക് സ്പോട്ടല്ലെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന

RNU TVPM

സ്കൂൾ കായികമേളയുടെ വേദി സൗകര്യം പരിഗണിച്ചാണ് കോഴിക്കോടേക്ക് മാറ്റിയതെന്നും മന്ത്രി വ്യക്തമാക്കി.
********************************

## മണർകാട് പെരുന്നാൾ

ആഗോള മരിയൻ തീർഥാടന കേന്ദ്രമായ മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ എട്ടുനോമ്പ് പെരുന്നാളിനോട് അനുബന്ധിച്ച് നടത്തുന്ന പൊതുസമ്മേളനം ഇന്ന്. വൈകുന്നേരം ആറിന് മുഖ്യമന്ത്രി വി.ഡി. സതീശൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. കോട്ടയം ഭദ്രാസനാധിപൻ തോമസ് മോർ തീമോത്തിയോസ് അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യപ്രഭാഷണം നടത്തും.
********************************

## മേയർ വി വി രാജേഷ് (ഇൻട്രോ)

തിരുവനന്തപുരത്തെ സിനിമാ തിയേറ്ററുകളിൽ തിരക്കേറിയ സമയങ്ങളിൽ ടിക്കറ്റ് വില വർധിപ്പിക്കുന്നതായി പരാതി ഉയർന്നിട്ടുണ്ടെന്ന് മേയർ വി.വി രാജേഷ്. തിയറ്ററുകളിലെ ഭക്ഷണ വിലയിൽ ഇടപെടാൻ കോർപറേഷന് പരിമിതിയുണ്ട്. ഇത് സംബന്ധിച്ച് തിയേറ്റർ ഉടമകളുടെ യോഗം ഉടൻ വിളിക്കുമെന്നും അദ്ദേഹം അറിയിച്ചു.

(വോയിസ്)

********************************

## കൊച്ചി - മിന്നൽ പരിശോധന

RNU TVPM

കൊച്ചി നഗരത്തിലെ ഷോപ്പിംഗ് മാളിലെ മൾട്ടിപ്ലസ് തിയേറ്ററുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പും ലീഗൽ മെട്രോളജി വിഭാഗവും സിവിൽ സപ്ലൈസ് വകുപ്പും ചേർന്ന് മിന്നൽ പരിശോധന നടത്തി. ഭക്ഷണത്തിന് അമിത വില ഈടാക്കുന്നു എന്ന പരാതിയെ തുടർന്നാണ് നടപടി. മൾട്ടിപ്ലക്സിനോട് ചേർന്ന് ഉള്ള ഭക്ഷ്യശാലകളിലെ പോപ്കോൺ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ അളവ്, വില തുടങ്ങിയവയാണ് പ്രധാനമായും പരിശോധിക്കുന്നത്.
*******************************

## കായിക മേള കോഴിക്കോട്

'യെസ് ടു സ്പോർട്സ്, നോ ടു ഡ്രഗ്സ് എന്ന സന്ദേശമുയർത്തി കേരള പോലീസിന്റെ കായിക മേള 2026 - ന്റെ ഭാഗമായി കാസർഗോഡ് നിന്ന് ആരംഭിക്കുന്ന ദീപശിഖാ പ്രയാണത്തിന് കോഴിക്കോട് സിറ്റി പോലീസിന്റെ ആഭിമുഖ്യത്തിൽ വിപുലമായ സ്വീകരണം ഒരുക്കും. ഇന്ന് വൈകീട്ട് കോരപ്പുഴ പാലത്തിന് സമീപത്തു നിന്ന് ദീപശിഖാ പ്രയാണം കോഴിക്കോട് ബീച്ചിലെ പ്രധാന വേദിയിൽ എത്തിച്ചേരും.
*******************************

RNUTVPM

## ഏഷ്യാ കപ്പ് ക്രിക്കറ്റ്

വനിതാ ടി-20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. മുൻ മത്സരങ്ങളിൽ തായ്‌ലൻഡിനെയും ഹോങ്കോങ്ങിനെയും പരാജയപ്പെടുത്തിയ ഇന്ത്യ ഇതിനകം സെമിഫൈനൽ യോഗ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇന്നലെ രാത്രി നടന്ന മത്സരത്തിൽ ആതിഥേയരായ യുഎഇ ആറ് വിക്കറ്റിന് ഇന്തോനേഷ്യയെ പരാജയപ്പെടുത്തി.

*******************************

## എൻ.ടി.എ.-നെറ്റ്

ഇംഗ്ലീഷ്, കോമേഴ്സ്, സോഷിയോളജി എന്നീ വിഷയങ്ങളിൽ ഈ മാസം 9നും 10നും നടക്കുന്ന യൂജിസി NET പുനഃപരീക്ഷക്കായുള്ള അഡ്മിറ്റ് കാർഡുകൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. ugcnet.nta.nic.in എന്ന വെബ്സൈറ്റിൽ നിന്നും അഡ്മിറ്റ് കാർഡുകൾ ഡൌൺലോഡ് ചെയ്യാവുന്നതാണ്. 9-ാം തീയതി രാവിലെ 9 മണിക്കാരംഭിക്കുന്ന ആദ്യ ഷിഫ്റ്റിൽ ഇംഗ്ലീഷും ഉച്ചയ്ക്ക് 3 മണിക്കാരംഭിക്കുന്ന രണ്ടാം ഷിഫ്റ്റിൽ കോമേഴ്സും 10-ാം തീയതിയിലെ ആദ്യ ഷിഫ്റ്റിൽ സോഷിയോളജിയും ക്രമീകരിച്ചിട്ടുണ്ട്.
*******************************

## കെ സി എൽ

ആലപ്പി റിപ്പിൾസിനെ 36 റൺസിന് തോല്പിച്ച് കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസ് കെസിഎൽ ഫൈനലിൽ കടന്നു. കലാശപ്പോരാട്ടത്തിൽ തൃശൂർ ടൈറ്റൻസാണ് കാലിക്കറ്റിന്റെ എതിരാളി. സെമിയിൽ ആദ്യം ബാറ്റ് ചെയ്ത കാലിക്കറ്റ് 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിലാണ് 218 റൺസെടുത്തത്. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ ആലപ്പി റിപ്പിൾസിന് 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 182 റൺസ് മാത്രമാണ് നേടാനായത്.

*

**************

**********************************************

PNU TVPM